# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു, തീയതി: 19.08.2020

<u>പ്രസിദ്ധീകരണത്തിന്</u>

### <u>പരീക്ഷാർഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

രണ്ടാം വർഷ അഫ്സൽ ഉൽ ഉലമ പ്രിലിമിനറി പരീക്ഷാർഥികൾ പരീക്ഷ ആരംഭിക്കുന്നതിന് **ഒരു മണിക്കൂർ മുന്നേ** പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചേരണം. കണ്ടൈൻമെന്റ് സോണിൽ നിന്നും വരുന്ന വിദ്യാർഥികളും ക്വാറന്റൈൻ ആവശ്യമുള്ള വിദ്യാർഥികളും പരീക്ഷാ നടത്തിപ്പ് ചുമതലയുള്ള **ചീഫ് സൂപ്രണ്ടിനെ** ബന്ധപ്പെടുക. സർക്കാരും സർവകലാശാലയും ഇറക്കിയ കോവിഡ് മാനദണ്ഡങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

### <u>അഫ്സൽ ഉൽ ഉലമ പരീക്ഷാകേന്ദ്രങ്ങൾ മാറ്റി</u>

ചുവടെ നൽകിയ പരീക്ഷാ കേന്ദ്രങ്ങൾ ഹോൾടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള, രണ്ടാം വർഷ അഫ്സൽ ഉൽ ഉലമ പ്രിലിമിനറി പരീക്ഷാർഥികൾ ബ്രാക്കറ്റിൽ നൽകിയിരിക്കുന്ന കേന്ദ്രങ്ങളിൽ പരീക്ഷക്ക് ഹാജരാകേണ്ടതാണ്:

പി. ആർ. എൻ. എസ്. എസ്. കോളേജ്, മട്ടന്നൂർ **(നിർമലഗിരി കോളേജ് കൂത്തുപറമ്പ)**

എം. ജി. കോളേജ്, ഇരിട്ടി **(നിർമലഗിരി കോളേജ് കൂത്തുപറമ്പ)**

പയ്യന്നൂർ കോളേജ് **(സെയ്ന്റ് ജോസഫ്സ് കോളേജ്, പിലാത്തറ)**

കെ. എം. എം. ഗവ. വിമൻസ് കോളേജ് **(കണ്ണൂർ സർവകലാശാല ആസ്ഥാനം, താവക്കര)**

അൽ മക്കർ അറബിക് കോളേജ് **(കേയീ സാഹിബ് ട്രെയിനിങ് കോളേജ്, തളിപ്പറമ്പ)**

മറ്റ് പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

### <u>പരീക്ഷാഫലം</u>

സർവകലാശാല പഠനവകുപ്പുകളിലെ **നാലാം** സെമസ്റ്റർ **എം. എ. ഹിസ്റ്ററി/ ഹിസ്റ്ററി & ഹെറിറ്റേജ് സ്റ്റഡീസ്, എം. എസ് സി. ജ്യോഗ്രഫി/ കെമിസ്ട്രി/ മൈക്രോബയോളജി/ ബയോടെക്നോളജി** (റെഗുലർ/ സപ്ലിമെന്ററി, മെയ് 2020) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനുമുള്ള അപേക്ഷകൾ 07.09.2020 ന് വൈകുന്നേരം 5 മണി വരെ സർവകലാശാലയിൽ സ്വീകരിക്കും.

ഒപ്പ്/-

**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**